64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 639 Participant Code: 043

# മറവിമൂടിയ പാതകൾ....

ബോധിവൃക്ഷച്ചുവട്ടിലെ
ധ്യാനം കഴിഞ്ഞു
ഇനി മടങ്ങണം
പാതിക്കുവച്ചുനിർത്തിയ
കവിത കാത്തിരിക്കുന്നുണ്ട്..

ഇന്നലകളെ ഒന്നു ചികഞ്ഞുനോക്കിയാൽ
മറവികൊണ്ടുണക്കാനാവാത്ത
ചില മുറിപ്പാടുകൾ കാണാം.

ഓർമ്മകൾ വെന്തുകലങ്ങിയ
പുഴവെള്ളത്തിൽ
മുറിവേറ്റ അക്ഷരങ്ങൾ
പിടയുന്നുണ്ട്.

കവിതവറ്റിയ രാവുകളിൽ
മറവിനീറിപ്പുകഞ്ഞപ്പോഴാണ്
യാത്ര തുടങ്ങിയത്.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 639 Participant Code: 043

ഇനി മടങ്ങണം
മറന്നുപോകരുതേ
എന്ന ഓർമ്മപ്പെടുത്തലിനെ
മറക്കാതിരിക്കണം....

ഗയയിലെ തെരുവിൽ
ബുദ്ധൻ ചിരിച്ചു.
നീയുള്ളതിൽ ഞാനുമുണ്ടെന്ന
തിരിച്ചറിവിൽ
പല മുഖങ്ങളിൽ..
പല കാഴ്ചകളിൽ..
കവിത തേടി.

മണ്ണിൽ മരിച്ചുവീണ
മഞ്ഞപ്പൂക്കളിൽ
കവിതയുടെ നിഴലാട്ടം....

കടലവിൽക്കുന്ന
പയ്യന്റെ കണ്ണിൽ
കവിത ചിരിച്ചു..

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ
തിയ്യതി....................
★ പ്രോഗ്രാം കമ്മിറ്റി ★

പൂമാലകെട്ടുന്ന പെണ്ണിന്റെ
നെഞ്ചിൻ തുടിപ്പിന്
കവിതയുടെ താളം
കാലുകൾക്ക് വേഗം കൂട്ടി
പൂർത്തിയാക്കണം
അപൂർണ്ണത ശ്വാസം മുട്ടലാണ്

കരിന്തിരി കത്തി കെട്ടുപോയ
നിരാശകൾ മാറ്റി
പ്രതീക്ഷയുടെ മൺചിരാതുകൾ
കൊളുത്തി വെക്കണം.

വെയിൽ ഊതിയൂതി
സൂര്യൻ ചുവന്നു
വെയിൽച്ചില്ല
കത്തിയപ്പുകയിൽ
മാനം കറുത്തു

ഹൃദയരക്തം
പേനത്തുമ്പിൽ നിറച്ച്
താളുകൾ മറിച്ചു

നെഞ്ചിൻകൂട്
പൊട്ടിയ വേദന
ചിതലരിച്ച താളുകളിൽ
കവിത മരിച്ചുകിടക്കുന്നു
വാക്കുകൾ മുറിഞ്ഞ്
ചോരയൊലിപ്പിച്ച്

തേടലിനപ്പുറം
നിറഞ്ഞ ശൂന്യതയിൽ
ഓർമ്മവഴികൾ നഷ്ടപ്പെട്ട്
ഏകാകിയായി ഞാനിന്നുമലയുന്നു